## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂലൈ 5, വെള്ളി

**നമ്പർ 146**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം :

സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഗതാഗത യോഗ്യമല്ലാതായതിനെ തുടർന്ന് അപകടങ്ങൾ വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. നജീബ് കാന്തപുരവും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ കശുവണ്ടിത്തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെയും പൂട്ടിപ്പോയ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. കോവൂർ കുഞ്ഞുമോൻ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) എടരിക്കോട് ടെക്സ്റ്റൈൽസ് (സ്പിന്നിംഗ് മിൽ), കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (കെൽ) എന്നീ സ്ഥാപനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന ശോചനീയാവസ്ഥ പരിഹരിക്കേണ്ടതിന്റെയും പ്രസ്തുത സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. കെ. പി. എ. മജീദ് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 914/2024 (A).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 2 | ശ്രീ. യു. എ. ലത്തീഫ് | അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. സി. വിഷ്ണുനാഥ് | കേരള പുരാണ പാരായണ സംഘടന കലാകാരന്മാരുടെ പെൻഷൻ | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. പ്രമോദ് നാരായൺ | അരയാഞ്ഞിലിമൺ നടപ്പാലം നിർമ്മാണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. എസ്. അരുൺകുമാർ | നൂറനാട് ലെപ്രസി സാനിറ്റോറിയം പുനർ നാമകരണവും സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തലും | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് പരിഗണന</u> :

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>അനൗദ്യോഗിക അംഗങ്ങളുടെ കാര്യം</u> :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) ശ്രീ. പി. സി. വിഷ്ണുനാഥ് നോട്ടീസ് നൽകിയിരുന്ന 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന നടത്താൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയാകാത്തതിനാൽ ഉപക്ഷേപം തുടർചർച്ചകൾക്കായി മാറ്റി.

(ii) ശ്രീ. ജി. എസ്. ജയലാൽ നോട്ടീസ് നൽകിയിരുന്ന 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. കൃഷി വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന നടത്താൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയാകാത്തതിനാൽ ഉപക്ഷേപം തുടർചർച്ചകൾക്കായി മാറ്റി.

(iii) ശ്രീ. പി. പി. ചിത്തരഞ്ജൻ നോട്ടീസ് നൽകിയിരുന്ന 2022-ലെ കേരളത്തിലെ ഭക്ഷണശാലകൾ വില നിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. ഭക്ഷ്യ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന നടത്താൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയാകാത്തതിനാൽ ഉപക്ഷേപം തുടർചർച്ചകൾക്കായി മാറ്റി.

(iv) ശ്രീ. പി. ഉബൈദുള്ള നോട്ടീസ് നൽകിയിരുന്ന 2021 - ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന നടത്താൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയാകാത്തതിനാൽ ഉപക്ഷേപം തുടർചർച്ചകൾക്കായി മാറ്റി.

2024 ജൂലൈ 8-ാം തീയതി തിങ്കളാഴ്ച, രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.29- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, July 5, 2024*

**[English Version]**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion :*

After hearing the Minister for Public Works and Tourism, the Speaker withheld consent to the moving of an adjournment motion given notice of by Shri Najeeb Kanthapuram and five other Members regarding the serious situation reported to have arisen due to the increase in accidents on the State owing to the unfinished maintenance works of State roads.

In protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.

*Calling Attention :*

(1) Shri Kovoor Kunjumon called the attention of the Minister for Law, Industries and Coir to the necessity to resolve the problems reported to have faced by the cashew workers and to re-open the closed private cashew factories in the State. The Minister made a statement thereto.

(2) Shri K. P. A. Majeed called the attention of the Minister for Law, Industries and Coir to the necessity to resolve the miserable conditions reported to have faced by the Edarikkode Textiles (Spinning Mill) and Kerala Electrical and Allied Engineering Ltd. (KEL) and to launch new industrial ventures in the unused land of the said firms. The Minister made a statement thereto.

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 2 | ശ്രീ. യു. എ. ലത്തീഫ് | അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. സി. വിഷ്ണുനാഥ് | കേരള പുരാണ പാരായണ സംഘടന കലാകാരന്മാരുടെ പെൻഷൻ | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. പ്രമോദ് നാരായൺ | അരയാഞ്ഞിലിമൺ നടപ്പാലം നിർമ്മാണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. എസ്. അരുൺകുമാർ | നൂറനാട് ലെപ്രസി സാനിറ്റോറിയം പുനർ നാമകരണവും സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തലും | ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Consideration of Report :*

The Second Report of the Committee of Privileges and Ethics was considered and adopted by the House.

*Private Members' Business :*

I. The Fourteenth Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

II. Motion for leave to introduce the following bills:

(i) Shri P. C. Vishnunadh moved the motion for leave to introduce The Kerala Constitution of Playschool Kindergarten Registration Authority Bill, 2021 given notice of by him. Since the motion was opposed by the Minister for Local Self Government, Excise and Parliamentary Affairs, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(ii) Shri G. S. Jayalal moved the motion for leave to introduce The Kerala Protection and Regularisation of Maramadi Agricultural Festival Bill, 2024 given notice of by him. Since the motion was opposed by the Minister for Agriculture, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(iii) Shri P. P. Chitharanjan moved the motion for leave to introduce The Kerala Restaurants (Control of Prices and Ensuring of Quality of Food Stuffs) Bill, 2022 given notice of by him. Since the motion was opposed by the Minister for Agriculture on behalf of Minister for Food and Civil Supplies, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(iv) Shri P. Ubaidulla moved the motion for leave to introduce The Kerala Constitution of School Catering Employees Welfare Fund Board Bill, 2021 given notice of by him. Since the motion was opposed by the Minister for General Education and Labour, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

The House adjourned at 12.29 p.m. to meet again at 9.00 a.m. on Monday July 8, 2024.

DR. N. KRISHNA KUMAR,
*Secretary.*